വൈദ്യുതീകരിച്ച വീടുകൾ

5(1993) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം എത്രയാണ്;

(ബി) ഇനി എത്ര വീടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്; വ്യക്തമാക്കാമോ ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 61284 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി&സി) വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.

അപകടത്തിൽപ്പെട്ട് മരണമടഞ്ഞ കെ.എസ്.ഇ.ബി. ജീവനക്കാർ

6(1994) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരത്തിൽവന്ന് നാളിതുവരെ എത്ര കെ.എസ്.ഇ.ബി. ജീവനക്കാർ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞെന്ന് വെളിപ്പെടുത്തുമോ ;

(ബി) അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ഓരോ കുടുംബത്തിനും സർക്കാർ എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുകീഴിൽ ജോലിക്കിടെ അപകടത്തിൽപ്പെട്ട് 56 ബോർഡ് ജീവനക്കാർ മരണപ്പെട്ടിട്ടുണ്ട്.

(ബി) ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും സർക്കാരിൽനിന്നും നൽകിയ നഷ്ടപരിഹാരം/ധനസഹായത്തിന്റെയും ഇതര സാമ്പത്തിക സഹായങ്ങളുടെയും (മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മേൽ സൂചിപ്പിച്ചതിനുപുറമേ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാർ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly